ഉത്തരം

(എ-ഡി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രപൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MoU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്. ഈ സംവിധാനത്തിന്റെ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) MoU സംവിധാനം നടപ്പിലാക്കുന്നതുവഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

234 (2472) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 2011-2014 കാലയളവിൽ ഓരോ വർഷവും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ട്; ഈ കാലയളവിൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും പ്രതിവർഷം ലഭിച്ച വരുമാനം എത്രയാണ്; ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; വിശദമാക്കുമോ ;

(ഡി) 2011-2014 കാലയളവിൽ സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും നൽകിയ തുക എത്ര വീതമാണെന്നും അറിയിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. പട്ടിക അനുബന്ധം ആയി ചേർക്കുന്നു.*

(ബി) 2011-12 മുതൽ 2013-14 വരെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ചെലവഴിച്ച തുകയുടെ (ധനസഹായം) വിശദവിവരവും ഈ സ്ഥാപനങ്ങളുടെ 2011-12 മുതൽ 2013-14 വരെ കാലയളവിലെ ലാഭനഷ്ടക്കണക്കുകളുടെ വിവരവും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2013-14 കാലയളവിൽ 15 സ്ഥാപനങ്ങൾ ലാഭത്തിലും 29 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ച വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.* [സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയായി വരുന്ന മുറയ്ക്കുള്ള കണക്കുകളാണ് സമർപ്പിച്ചിട്ടുള്ളത്.]

(ഡി) 2011-12 മുതൽ 2013-14 വരെയുള്ള വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്കായി ചെലവഴിച്ച തുകയുടെ (ധനസഹായം) വിശദവിവരം സ്ഥാപനാടിസ്ഥാനത്തിൽ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

ഗെയിലിന്റെ വാതക പൈപ്പ് ലൈൻ

235 (†2473) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗെയിലിന്റെ നിർദ്ദിഷ്ട കൊച്ചി മംഗലാപുരം വാതകപൈപ്പ് ലൈൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക-സാമൂഹിക ആഘാതങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭൂമി നഷ്ടപ്പെടുന്നവരെക്കുറിച്ചുള്ള വിവരശേഖരം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാലുണ്ടാകുന്ന അപകട സാദ്ധ്യതയെ തരണം ചെയ്യുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly